**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6410** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ ഓൺലൈൻ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വ്യാവസായിക പരിശീലന വകുപ്പിന്റെ ഐ.ടി. സെൽ രൂപകൽപ്പന ചെയ്ത സോഫ്റ്റ് വെയർ മുഖേന സർക്കാർ ഐ.ടി.ഐ. കളിലേക്കുള്ള പ്രവേശന നടപടികൾ ഓൺലൈനായി പൂർത്തിയാക്കാൻ സാധിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. വ്യാവസായിക പരിശീലന വകുപ്പിന്റെ ഐടി സെൽ രൂപകൽപ്പന ചെയ്ത സോഫ്റ്റ് വെയറായ ജാലകം അഡ്മിഷൻ പോർട്ടലിൽ, 26/08/2021 മുതൽ ഓൺലൈൻ മുഖേന അപേക്ഷ സ്വീകരിച്ചു തുടങ്ങി. സെർവറുകളുടെ കപ്പാസിറ്റി കുറവായിരുന്നതിനാലും, സെർവറുകളുടെ കോൺഫിഗറേഷൻ പ്രശ്നം പരിഹരിക്കുന്നതിന് കാലതാമസം നേരിട്ടതിനാലും 05/09/2021 വരെ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് ചെറിയ ബുദ്ധിമുട്ടുകൾ നിലവിലുണ്ടായിരുന്നു. 06/09/2021 മുതൽ ടി സെർവറുകൾ പൂർണ്ണ രീതിയിൽ പ്രവർത്തന സജ്ജമായതിനാൽ അഡ്മിഷൻ പോർട്ടൽ ശരിയായ രീതിയിലാണ് പ്രവർത്തിച്ചിട്ടുള്ളത്. അപേക്ഷകർക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേയ്ക്കായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 14/09/2021 ന് നിശ്ചയിച്ചിരുന്നത്, 20/09/2021 വരെ ദീർഘിപ്പിച്ചിരുന്നു. ഐ.ടി.ഐ പ്രവേശന നടപടികൾ പൂർണ്ണമായി ഓൺലൈനാക്കുന്ന തിനുള്ള സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തിട്ടില്ല. നിലവിൽ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുകയും കൗൺസിലിംഗ് മുഖേന പ്രവേശന നടപടികൾ പൂർത്തിയാക്കുകയുമാണ് ചെയ്തു വരുന്നത്. നിലവിലെ കോവിഡ് സാഹചര്യത്തിൽ കൗൺസിലിംഗ് ഒഴിവാക്കിയുള്ള പ്രവേശന നടപടികളാണ് കൈകൊണ്ടിട്ടുള്ളത്. |
| (ബി) | സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങളും മറ്റും കാരണം 2021 വർഷത്തെ അപേക്ഷകളിലെ കുറവ് പരിശോധിക്കുമോ; 2019 ലും 2020 ലും ലഭിച്ച അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ; | (ബി) | 2021 വർഷത്തെ അപേക്ഷകളിൽ കുറവ് വന്നിട്ടില്ല. 2019 ൽ 86806 അപേക്ഷകളും, 2020 ൽ 72259 അപേക്ഷകളും ലഭിച്ചിരുന്നു. |
| (സി) | 2021-ൽ ലഭിച്ച അപേക്ഷകരുടെ എണ്ണം അറിയിക്കാമോ; | (സി) | 75,230 അപേക്ഷകൾ ലഭിച്ചിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്ന തരത്തിൽ വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ സോഫ്റ്റ്‌വെയർ സംവിധാനം സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐടി സെൽ രൂപകൽപ്പന ചെയ്ത സോഫ്റ്റ്‌വെയറാണ് ജാലകം അഡ്മിഷൻ പോർട്ടൽ. സ്റ്റേറ്റ് ഡേറ്റാ സെന്ററിലെ സെർവറുകളുടെ ശേഷി കുറവും, സാങ്കേതിക പ്രശ്നങ്ങളാലുമാണ് അപേക്ഷകൾ സമർപ്പിക്കുന്നതിന് ചെറിയ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചത്. സോഫ്റ്റ്‌വെയർ സംവിധാനം പൂർണ്ണ സജ്ജമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ